LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി വനിതാ ഹോസ്റ്റലിന്റെ നിർമ്മാണം

137 (1963) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരത്തിൽ, ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന വനിതാ ഹോസ്റ്റലിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും നിർമ്മാണം എന്നേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ ;

(ബി) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡിന്റെവക സ്ഥലത്ത് വാണിജ്യകേന്ദ്രം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാലക്കുടിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന വനിതാ ഹോസ്റ്റലിന്റെ (മൂന്ന് നില കെട്ടിടം) മൂന്ന് നിലയും വാർത്ത് കഴിഞ്ഞു. ഒന്ന്, രണ്ട് നിലകളിലെ ബ്ലോക്ക് മേസണറി പണികൾ 50 ശതമാനം പൂർത്തീകരിച്ചു. 2016 മാർച്ചിൽ പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ചാലക്കുടിയിൽ ഭവന നിർമ്മാണ ബോർഡിന്റെ വക സ്ഥലത്ത് വാണിജ്യകേന്ദ്രം പാരസ്പര്യം മാതൃകയിൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ടെക്നോളജി ഇന്നവേഷൻ ഫണ്ട്

138 (1964) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ മേഖലയിലെ നൂതന പരീക്ഷണങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ടെക്നോളജി ഇന്നവേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിലേക്ക് 2012-13-ൽ എത്ര തുക വകയിരുത്തിയിരുന്നു ; എത്ര തുക അനുവദിച്ചു ; എത്ര തുക പിൻവലിക്കാതെ അവശേഷിക്കുന്നു ;

(സി) ഈ ഫണ്ട് ഏതെല്ലാം ഇനത്തിലാണ് വിനിയോഗിച്ചത് ; ഇതുമൂലം കെട്ടിടനിർമ്മാണ മേഖലയ്ക്കുണ്ടായ നേട്ടങ്ങൾ എന്തെല്ലാം ;

(ഡി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഇതിലേക്കായി തുക വകയിരുത്തിയിരുന്നോ ; എങ്കിൽ എത്രവീതം ; ഇതിൽ എത്രവീതം അനുവദിച്ചു ; എത്രവീതം പിൻവലിക്കാതെ അവശേഷിക്കുന്നു ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) 2012-13-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ടോക്കൺ തുകയായി 1000 രൂപ വകയിരുത്തിയിരുന്നു.

(ഡി) 2013-14 ലെ ബഡ്ജറ്റിൽ ടെക്നോളജി ഇന്നവേഷൻ ഫണ്ടിലേക്ക് 59 ലക്ഷം രൂപയും 2014-15-ൽ 70 ലക്ഷം രൂപയും 2015-16-ൽ 70 ലക്ഷം രൂപയും വകയിരുത്തിയിരുന്നെങ്കിലും പ്രസ്തുത പദ്ധതി, പുതുതായി രൂപീകരിക്കുന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനാലും പ്രസ്തുത കോർപ്പറേഷൻ പൂർണ്ണരൂപത്തിൽ പ്രവർത്തന ക്ഷമമായിട്ടില്ലാത്തതിനാലും ഇതിലേക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

ഔദ്യോഗിക ഭാഷയിൽ കേരളം എന്ന മാറ്റം

139 (1965) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മലയാളം ഔദ്യോഗിക ഭാഷയാക്കിയതിന്റെ ഭാഗമായി കേരള എന്നത് കേരളം എന്നാക്കി മാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കേരള സംസ്ഥാനത്തിന്റെ പേര് എല്ലാ ഭാഷയിലും 'കേരളം' (Keralam) എന്നാക്കി മാറ്റുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്.

സേവനാവകാശ നിയമം

140 (1966) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

GPM. 2/240/2020-27

LIBRARY ARCHIVES Kerala Legislative Assembly